**കേരള സർക്കാർ**

സംഗ്രഹം

സാമൂഹ്യക്ഷേമ വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - അംഗൻവാടി വർക്കർമാർ/ ഹെൽപ്പർമാർ വിരമിക്കുന്നത് മുഖേനയുണ്ടാകുന്ന ഒഴിവുകളിൽ നിയമനം - മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യക്ഷേമ (ബി) വകുപ്പ്**

സ.ഉ(എം.എസ്) നം. 73/2010/സാക്ഷേവ                    തീയതി, തിരുവനന്തപുരം, 07.10.2010

---

പരാമർശം : 1) 07.08.2009.-ലെ സ.ഉ. (എം.എസ്) നം. 31/2009/സാക്ഷേവ.
2) ഡബ്ല്യൂ.പി (സി) നം.24529/2009ൽ ബഹു. കേരള ഹൈക്കോടതിയുടെ 26.07.2010-ലെ വിധിന്യായം.
3) 21.08.2010.-ലെ സ.ഉ. (എം.എസ്) നം. 59/2010/സാക്ഷേവ.
4) ഡബ്ല്യൂ.എ. നം.1459/2010, 1460/2010, 1465/2010 എന്നിവയിന്മേലുള്ള ബഹു. കേരള ഹൈക്കോടതിയുടെ 31.08.2010-ലെ ഉത്തരവ്.
5) സാമൂഹ്യക്ഷേമ ഡയറക്ടറുടെ 04.09.2010-ലെ ഐ.സി.ഡി.എസ്. ബി4-40452/10 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധിയുടെ ഭാഗമായി 60 വയസ്സ് പൂർത്തിയായി വിരമിക്കുന്ന അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും പെൻഷൻ പദ്ധതി ആവിഷ്കരിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നിലവിലുണ്ടായിരുന്ന ബഹു. ഹൈക്കോടതിയുടെ സ്റ്റേ, പരാമർശം (2)-ലെ വിധിന്യായ പ്രകാരം പിൻവലിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം ഈ വർഷം 30.04.2010-ന് 60 വയസ്സ് പൂർത്തിയാക്കിയവരും ഇപ്പോൾ ജോലിയിൽ തുടരുന്നവരുമായ അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും 31.08.2010-ൽ സർവ്വീസിൽ നിന്നും വിരമിച്ചതായി കണക്കാക്കി 1.09.2010 മുതൽ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

2. ബഹു. ഹൈക്കോടതിയുടെ പരാമർശം (2)-ലെ വിധിന്യായത്തിനെതിരെ ചില അംഗൻവാടി വർക്കർ/ഹെൽപ്പർമാർ ഫയൽ ചെയ്ത റിട്ട് അപ്പീലിന്മേലുള്ള ബഹു.ഹൈക്കോടതിയുടെ പരാമർശം (4)-ലെ ഇടക്കാല ഉത്തരവിൽ അംഗൻവാടി വർക്കർ/ഹെൽപ്പർമാർ എന്നിവർക്ക് 60 വയസ്സ് വിരമിക്കൽ പ്രായമായി നിശ്ചയിച്ച സർക്കാർ ഉത്തരവ് ശരി വയ്ക്കുകയും, അപ്രകാരം വിരമിക്കുന്നവർ പിരിഞ്ഞുപോകുന്നതുനിമിത്തം അംഗൻവാടി സെന്ററുകളിൽ ജീവനക്കാർ ഇല്ലാതെ വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ആളുകളെ നിയമിക്കുവാൻ പകരം സംവിധാനം നിലവിലില്ലാതെ വരുന്ന സാഹചര്യത്തിൽ വിരമിക്കുന്നവരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണെന്നും, അവർക്ക് അതേ പ്രതിഫലം നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

3. മേൽ സാഹചര്യത്തിൽ അംഗൻവാടി വർക്കർമാർ/ഹെൽപ്പർമാർ വിരമിക്കുന്നത് മുഖേനയുണ്ടാകുന്ന ഒഴിവുകളിൽ നിയമനം നടത്തുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് പരാമർശം (5) പ്രകാരം സാമൂഹ്യക്ഷേമ ഡയറക്ടർ അഭ്യർത്ഥിച്ചു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അംഗൻവാടി വർക്കർമാർ/ഹെൽപ്പർമാർ വിരമിക്കുന്നത് മുഖേനയുണ്ടാകുന്ന ഒഴിവുകളിൽ വർക്കർ/ഹെൽപ്പർ തസ്തികയിലേക്ക് നിലവിലുള്ള ഉത്തരവുകളും മാനദണ്ഡങ്ങളും അനുസരിച്ച് താഴെപ്പറയുന്ന വിഭാഗക്കാരിൽ നിന്നും നിയമനം നൽകേണ്ടതാണെന്ന് നിഷ്കർഷിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(1) അർഹതയുള്ള അംഗൻവാടി ഹെൽപ്പർമാരിൽ നിന്നും അംഗൻവാടി വർക്കർമാരായുള്ള പ്രൊമോഷൻ വഴിയുള്ള നിയമനം
അംഗൻവാടി വർക്കർമാരുടെ മൊത്തം തസ്തികകളിൽ 25% തസ്തിക നിർദ്ദിഷ്ഠ യോഗ്യതയുള്ള അംഗൻവാടി ഹെൽപ്പർമാരിൽ നിന്നും പ്രൊമോട്ട് ചെയ്ത് നിയമനം നടത്തിയതിന് ശേഷം മാത്രമേ മറ്റ് വിധത്തിലുള്ള നിയമനങ്ങൾ നടത്താൻ പാടുള്ളൂ. എന്നാൽ അപ്രകാരം നിയമനം നൽകാൻ അർഹരായവർ ഇല്ലായെങ്കിൽ പ്രസ്തുത ഒഴിവുകൾ ഇതര വിഭാഗത്തിൽ നിന്ന് നികത്താവുന്നതും, ഭാവിയിൽ പ്രസ്തുത ഒഴിവുകൾ വരുന്ന മുറയ്ക്ക് ക്വാട്ട പൂർത്തീകരിക്കാവുന്നതുമാണ്. പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ ആകെയുള്ള അംഗൻവാടി വർക്കർമാരുടെ തസ്തികകൾ കണക്കാക്കി അതിൽ 25% തസ്തികകൾ നിർദ്ദിഷ്ഠ യോഗ്യതയുള്ള അംഗൻവാടി ഹെൽപ്പർമാരിൽ നിന്നും പ്രൊമോട്ട് ചെയ്ത് നിയമനം നൽകേണ്ടതാണ്.

(2) 15.12.2006-ൽ 6 മാസമോ അതിൽ കൂടുതലോ താൽക്കാലികമായി സേവനം അനുഷ്ഠിച്ചിട്ടുള്ളവരെ സ്ഥിരപ്പെടുത്തിയുള്ള നിയമനം.

(3) സെലക്ഷൻ ലിസ്റ്റിൽ നിന്നുള്ള നിയമനം.

(4) 11.10.2006-ലെ സ.ഉ.(എം.എസ്) നം.35/2006/സാക്ഷേവ ഉത്തരവിലെ ഖണ്ഡിക 13 പ്രകാരമുള്ള താൽക്കാലിക നിയമനം (തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിലുള്ള സമയം ഈ ഉത്തരവ് പ്രകാരമുള്ള താൽക്കാലിക നിയമനം നടത്താൻ പാടില്ല)

(5) മേൽപ്പറഞ്ഞ പ്രകാരം നിയമനം നടത്താൻ കഴിയാത്ത അംഗൻവാടി കേന്ദ്രങ്ങളിൽ മാത്രമേ പിരിഞ്ഞുപോകുന്ന അംഗൻവാടി വർക്കർ/ഹെൽപ്പർമാർക്ക് പുനർ നിയമനം നൽകേണ്ടതുള്ളൂ.

(6) പ്രസ്തുത ഒഴിവുകളിൽ ട്രാൻസ്ഫർ നിയമനം നൽകേണ്ടതില്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ഡോ. ഉഷ ടൈറ്റസ്**
സെക്രട്ടറി

സാമൂഹ്യക്ഷേമ ഡയറക്ടർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആന്റ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ }
ശിശുവികസന പദ്ധതി ഓഫീസർമാർ } (സാമൂഹ്യക്ഷേമ ഡയറക്ടർ മുഖാന്തിരം)
ധനകാര്യ വകുപ്പ്.
തദ്ദേശ സ്വയംഭരണ വകുപ്പ്.
പൊതുഭരണ (എസ്.സി) വകുപ്പ്
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻ ഡിപ്പാർട്ട്മെന്റ്.
കരുതൽ ഫയൽ, ഓഫീസ് പകർപ്പ്.

പകർപ്പ് : ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.
സാമൂഹ്യക്ഷേമവകുപ്പ് സെക്രട്ടറിയുടെ പി. എസ്സ്.
സാമൂഹ്യക്ഷേമവകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി. എസ്സ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പുറപ്പെടുവിച്ചത് ICDS/B4/40452/10 തിയതി 13/10/2010
[illegible] നടപടികൾ (ഖണ്ഡിക 1 – 6 വരെ) സ്വീകരിക്കുന്നതിനായി എല്ലാ CDPO, പ്രോഗ്രാം ഓഫീസർമാർ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ എന്നിവരോട് [illegible]

സാമൂഹ്യക്ഷേമ ഡയറക്ടർക്കുവേണ്ടി

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യക്ഷേമ വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - അംഗൻവാടി വർക്കർമാർ/ ഹെൽപ്പർമാർ വിരമിക്കുന്നത് മുഖേനയുണ്ടാകുന്ന ഒഴിവുകളിൽ നിയമനം നടത്തുന്നതിനുള്ള - മാർഗ്ഗനിർദ്ദേശങ്ങൾ - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യക്ഷേമ (ബി) വകുപ്പ്

സ.ഉ(എം.എസ്) നം. 77/2010/സാക്ഷേവ തിയതി, തിരുവനന്തപുരം,03.11.2010

---

പരാമർശം : 1) ഡബ്ല്യു.എ. നം., 1459/2010 1460/2010, 1465/2010, 1479/2010, 1528/2010, 1571/2010 എന്നിവയിന്മേലുള്ള ബഹു. കേരള ഹൈക്കോടതിയുടെ 29.09.2010-ലെ ഉത്തരവ്.

2) 7.10.2010-ലെ സ.ഉ. (എം.എസ്) നം.73/2010/സാക്ഷേവ.

<u>ഉത്തരവ്</u>

പരാമർശം ഒന്നിലെ കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ പരാമർശം രണ്ടിലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 4 (4) ഒഴിവാക്കി ഇതിനാൽ ഉത്തരവാകുന്നു.

2. പരാമർശം രണ്ടിലെ സർക്കാർ ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഇ. അംബിക അമ്മ,
അഡിഷണൽ സെക്രട്ടറി.

സാമൂഹ്യക്ഷേമ ഡയറക്ടർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ } (സാമൂഹ്യക്ഷേമ ഡയറക്ടർ മുഖാന്തിരം)
ശിശുവികസന പദ്ധതി ഓഫീസർമാർ }
ധനകാര്യ വകുപ്പ്.
തദ്ദേശ സ്വയംഭരണ വകുപ്പ്.
പൊതുഭരണ (എസ്.സി) വകുപ്പ്
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻ ഡിപ്പാർട്ട്മെന്റ്.
കരുതൽ ഫയൽ, ഓഫീസ് പകർപ്പ്.
പകർപ്പ് : ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.
സാമൂഹ്യക്ഷേമവകുപ്പ് സെക്രട്ടറിയുടെ പി. എ്യ്ക്ക്.
സാമൂഹ്യക്ഷേമവകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി. എയ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ